10972
25/6/19

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - വിവരപൊതുജനസമ്പർക്ക വകുപ്പിൽ ആറു മാസത്തേയ്ക്ക് താൽക്കാലികമായി സൃഷ്ടിക്കപ്പെട്ട സെക്ഷന്റേയും അനുബന്ധ തസ്തികകളുടേയും കാലാവധി ദീർഘിപ്പിച്ചുകൊണ്ടും പ്രസ്തുത സെക്ഷന്റെ ചുമതലയുള്ള ജോയിന്റ് ഡയറക്ടർ തസ്തിക ഡെപ്യൂട്ടി ഡയറക്ടർ തസ്തികയായി പുനർനിർണ്ണയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ ഇ) വകുപ്പ്**

**സ.ഉ (എം.എസ്)നം.125/2019/പൊഭവ തീയതി, തിരുവനന്തപുരം, 24.06.2019.**

---

പരാമർശം:- 1) സ.ഉ(പി)നം.5/2018/പൊഭവ തീയതി 26.05.2018.
2) സ.ഉ (സാധാ) നം. 4904/2018/പൊ.ഭ.വ തീയതി 27.07.2018.

**ഉത്തരവ്**

വിവരപൊതുജനസമ്പർക്ക വകുപ്പിൽ പത്രപ്രവർത്തക പെൻഷനും ഇതര പെൻഷനും, മാധ്യമങ്ങളുമായി ബന്ധപ്പെട്ട അനുബന്ധ ജോലികളും ഉൾപ്പെടെ നിലവിലുള്ള കുടിശ്ശിക ജോലികൾ തീർപ്പാക്കുന്നതിനായി 6 മാസത്തേയ്ക്ക് താൽക്കാലികമായി ഒരു പുതിയ സെക്ഷനും അനുബന്ധ തസ്തികകളും സൃഷ്ടിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അപ്രകാരം പുതിയതായി രൂപീകരിക്കപ്പെട്ട ഐ&പി.ആർ (എച്ച്) വകുപ്പിൽ, പെൻഷൻ സംബന്ധമായ ജോലികളുടെ പ്രാരംഭഘട്ടം മാത്രമേ നിലവിൽ പൂർത്തിയായിട്ടുള്ളൂവെന്നും പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിനുള്ള 2014 മുതലുള്ള അപേക്ഷകൾ പരിഗണിച്ച് പെൻഷൻ അംഗത്വം നൽകൽ തുടങ്ങിയ ജോലികൾ കൂടി പൂർത്തീകരിക്കാനുള്ളതിനാൽ 25.11.2018 ൽ അവസാനിക്കുന്ന പ്രസ്തുത സെക്ഷന്റെ പ്രവർത്തനം 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവരപൊതുജന സമ്പർക്ക വകുപ്പ് ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവരപൊതുജന സമ്പർക്കവകുപ്പിൽ പരാമർശം (1) പ്രകാരം താൽക്കാലികമായി സൃഷ്ടിക്കപ്പെട്ട സെക്ഷന്റേയും അനുബന്ധ തസ്തികകളുടേയും പ്രവർത്തനം ആറു മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകിയാൽ 25.05.2019 ന് അവസാനിപ്പിക്കേണ്ട സാഹചര്യം ഉണ്ടാകുമെന്നതിനാൽ 'മേലിൽ ദീർഘിപ്പിച്ചു നൽകുന്നതല്ല' എന്ന ഉപാധിയോടെ

മറുപുറം

പരാമർശം (1) പ്രകാരം സൃഷ്ടിക്കപ്പെട്ട സെക്ഷന്റേയും ജോയിന്റ് ഡയറക്ടർ തസ്തിക ഒഴികെയുള്ള അനുബന്ധ തസ്തികളുടേയും കാലാവധി 26.11.2018 മുതൽ 9 (ഒമ്പത്) മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

3) അതോടൊപ്പം സൂചന (1) ലെ ഉത്തരവിൻ പ്രകാരം വിവരപൊതുജനസമ്പർക്ക വകുപ്പിൽ താൽക്കാലികമായി സൃഷ്ടിച്ച ജോയിന്റ് ഡയറക്ടർ തസ്തിക നിറുത്തലാക്കി പകരം പ്രസ്തുത തസ്തിക ഡെപ്യൂട്ടി ഡയറക്ടർ തസ്തികയായി പുനർനിർണ്ണയിച്ചും ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, വിവരപൊതുജനസമ്പർക്ക വകുപ്പ്

വിവരപൊതുജനസമ്പർക്ക (എ) വകുപ്പ് (യു.ഒ(എഫ്)നം.എ 1/209/2018/ഐ&പി.ആർഡി)

വിവരപൊതുജനസമ്പർക്ക (സി/എച്ച്) വകുപ്പ്

പൊതുഭരണ (സർവ്വീസസ് (എ/ഇ) വകുപ്പ്

പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ എ/ബി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.3090 തീയതി 19.06.2019)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ് - ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്

ധനകാര്യ വകുപ്പ് (യു.ഒ.നമ്പർ 708437/എക്സ്പെ.എ 2/21/2018/ഫിൻ തീയതി 27.04.2019)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 19-06-2019

(5) ഫയൽ നം.സ്പെഷ്യൽ.ഇ1/137/2018/പൊ.ഭ.വ. ഇനം നം: 3090

വിഷയം : പൊതുഭരണ വകുപ്പ് - വിവര പൊതുജന സമ്പർക്ക വകുപ്പിൽ താത്ക്കാലികമായി സൃഷ്ടിച്ച പുതിയ സെക്ഷന്റേയും അനുബന്ധ തസ്തികകളുടേയും കാലാവധി ദീർഘിപ്പിക്കുന്നത്

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

# GOVERNMENT OF KERALA
# (SRI. PINARAYI VIJAYAN MINISTRY)

## Note for the Council of Ministers

| | | | |
|---|---|---|---|
| 1. | File No. | : | Spl.E1/137/2018/GAD. |
| 2. | Department | : | General Administration (Special-E) Department. |
| 3. | Subject | : | Extension of the term of temporarily created new section and related posts in Information and Public Relations Department |
| 4. | Date of Chief Minister's order for placing before the council | : | 11.10.2018 |
| 5. | i. Does the case involve financial commitments/implications. | : | Yes |
| | ii. If the answer to the above is in the affirmative, whether Finance Department been consulted and | : | Yes; |
| | their remarks incorporated in the Council Note. | : | Yes |
| 6. | Are any other departments concerned with the case and if so, have been consulted | : | Yes; |
| | and their remarks incorporated in the Note for the Council? | : | Yes |
| 7. | Name of Joint Secretary who submitted the Draft Note | : | Sri.C.Ajayan |
| 8. | Name of Principal Secretary who approved the Draft Note | : | Sri.Bishwanath Sinha |
| 9. | Date of approval of the Draft Note for the Council by the Principal Secretary | : | 25.05.2019 |
| 10. | Name of Chief Secretary who approved the Draft Note | : | Sri.Tom Jose |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 29.05.2019 |
| 12. | Name of Chief Minister who approved the Draft Note | : | Sri.Pinarayi Vijayan |
| 13. | Date of approval of the Draft Note for the Council by the Chief Minister | : | 03.06.2019 |
| 14. | Date of submission of fair copies | : | 15.06.2019 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the G.O/letter communicating the decision | : | |

## Note for Council of Ministers

This note deals with the proposal for the extension of term of temporarily created section and related posts in I&PRD.

2) As per GO (P) No.5/2018/GAD dated 26.05.2018 Government had temporarily created a new section for a six months period in I&PRD comprising 2 Assistants, one Computer Assistant, one Office Attendendant, one Section Officer under a Joint Director for dealing the matters related to the pensionary benefits and other related works for the welfare of journalists, as there is huge work is pending. Due to administrative delay, the termporary post of Joint Director was filled on 27.07.2018 vide GO (Rt) No.4904/2018/GAD.

3) Now the I&PRD has recommended and forwarded the proposal for the extension of the term of temporarily created I&PR (H) section for an another period of six months since the section has done only some primary works relating pensionary benefits and some more works such as enrolling pensioners by considering the requests from the years 2014 are pending there.

4) As per the orders of Chief Minister when the file was submitted for approval of draft cabinet notes, the Chief Secretary ordered as follows:

" പത്രപ്രവർത്തക/പത്രപ്രവർത്തേകതര പെൻഷൻ സംബന്ധമായ ജോലികൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായാണ് ജോയിന്റ് ഡയറക്ടർ, സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ്, കംപ്യൂട്ടർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ വിഭാഗങ്ങളിലായി 6 തസ്തികകൾ വിവരപൊതുജനസമ്പർക്ക വകുപ്പിൽ സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട് അനുമതി നൽകിയിരുന്നത്. പ്രസ്തുത തസ്തികകൾക്ക് 6 മാസത്തേയ്ക്ക് കൂടി തുടർച്ചാനുമതി നൽകുന്ന കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല.

ആയതിനാൽ പത്രപ്രവർത്തക/പത്രപ്രവർത്തേകതര വിഭാഗങ്ങളിലായി തീർപ്പുകൽപ്പിക്കുന്നതിന് നിലവിലുള്ള അപേക്ഷകളുടെ എണ്ണം, പുതിയ സെക്ഷൻ 6 മാസം കൊണ്ട് തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം, തസ്തികകളുടെ

തുടർച്ചാനുമതി 6 മാസം നീട്ടി നൽകിയതിലൂടെ അപേക്ഷകൾ പൂർണ്ണമായും തീർപ്പാക്കാൻ കഴിയുമെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്നീ വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയിട്ടില്ലാത്തതിനാൽ 02.08.2018 ലെ 527/എസ്.സി1/2018/പൊ.ഭ.വ (എസ്.സി) നമ്പർ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ കൂടി പാലിച്ചുകൊണ്ട് കുറിപ്പുകൾ സമർപ്പിക്കേണ്ടതാണ് ".

5) On the basis of orders of Chief Secretary, the report furnished by I&PRD is summerised as below:

- പുതിയ സെക്ഷൻ രൂപീകരിക്കുന്ന സമയത്ത് തീർപ്പുകൽപ്പിക്കുന്നതിനായി പത്രപ്രവർത്തക വിഭാഗത്തിൽ 700-ഓളം അപേക്ഷകളും പത്രപ്രവർത്തകേതര വിഭാഗത്തിൽ 1200-ഓളം അപേക്ഷകളും ഉണ്ടായിരുന്നു.
- പുതിയ സെക്ഷൻ 6 മാസം കൊണ്ട് പത്രപ്രവർത്തക വിഭാഗത്തിൽ 100-ഓളം അപേക്ഷകളും പത്രപ്രവർത്തകേതര വിഭാഗത്തിൽ 350-ഓളം അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്.
- ഇനിയും തീർപ്പാക്കാൻ പത്രപ്രവർത്തക വിഭാഗത്തിൽ 600-ഓളം അപേക്ഷകളും പത്രപ്രവർത്തകേതര വിഭാഗത്തിൽ 800-ഓളം അപേക്ഷകളും ഉണ്ട്.
- പെൻഷൻ അനുവദിച്ച നൂറോളം അപേക്ഷകൾ പെൻഷൻ കമ്മിറ്റിയിൽ വച്ച് സാധൂകരിച്ചാൽ മാത്രമേ തീർപ്പാക്കാൻ കഴിയുകയുള്ളൂ.
- പെൻഷൻ സംബന്ധിച്ച അപേക്ഷകൾ എത്ര എണ്ണം ലഭിക്കുമെന്ന് മുൻകൂട്ടി പറയാൻ പറ്റാത്ത സാഹചര്യത്തിൽ, അടുത്ത 6 മാസം കൊണ്ട് അപേക്ഷകൾ പൂർണ്ണമായും തീർപ്പാക്കാൻ കഴിയുമെന്ന് പറയാൻ സാധിക്കുകയില്ല.

6) On the basis of report submitted by I&PRD, when the file was forwarded to Finance Department for remarks they are opined as follows:

" ഭരണ വകുപ്പിനെ ചുവടെ ചേർക്കുന്ന പ്രകാരം അറിയി ക്കുന്നു :-

സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത് എന്നും അതുകൊണ്ടാണ് I&PR വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കണം എന്ന ശുപാർശക്ക് ധനവകുപ്പ് ഉപാധി വച്ചത് എന്നും ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നു കൊണ്ട് മന്ത്രിസഭാ തീരുമാന പ്രകാരമാണ് തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത് എന്നതിനാൽ പ്രസ്തുത തസ്തികകളുടെ തുടർച്ച ആവശ്യമുണ്ടെന്ന് ഭരണ വകുപ്പ് വിലയിരുത്തുന്ന പക്ഷം ജോയിന്റ് ഡയറക്ടർ ഒഴികെയുള്ള തസ്തികകൾ മേലിൽ ദീർഘിപ്പിച്ചു നൽകില്ല എന്ന ഉപാധിയോടെ 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകാവുന്നതാണ് എന്ന് അറിയിക്കുന്നു . ജോയിന്റ് ഡയറക്ടർ തസ്തികകളുടെ കാര്യത്തിൽ താഴെ പറയുന്ന വിവരങ്ങൾ കൂടി ഭരണ വകുപ്പിനെ അറിയിക്കുന്നു .

ശമ്പള പരിഷ്കരണ ഉത്തരവിൽ വിവര പൊതുജന സമ്പർക്ക വകുപ്പിൽ ജോയിന്റ് ഡയറക്ടർ എന്നൊരു തസ്തിക നിലവിലില്ല. ഡെപ്യൂട്ടി ഡയറക്ടർ കഴിഞ്ഞാൽ പിന്നെ അഡീഷണൽ ഡയറക്ടർ തസ്തികയാണ് വകുപ്പിൽ നിലവിലുള്ളത്. ഇടത്തട്ടിൽ പുതുതായി ഒരു തട്ട് സൃഷ്ടിക്കുന്നത് പുതുതായി ഒരു പ്രൊമോഷൻ തസ്തിക കൂടി വകുപ്പിൽ സൃഷ്ടിക്കപ്പെടുകയും ആയത് ഈ കേസിലുള്ള തസ്തിക സൃഷ്ടിക്കലിനുപരിയായി തിട്ടപ്പെടുത്താൻ കഴിയാത്ത ആവർത്തന സാമ്പത്തിക ബാദ്ധ്യതയ്ക്കു വഴി വയ്ക്കുകയും ചെയ്യും. വകുപ്പിൽ സൂപ്പർവൈസറി തസ്തികകളായ ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡയറക്ടർ തസ്തികകൾ നിലവിലുള്ളപ്പോൾ ഇവയിൽ ഏതെങ്കിലും ഒരു തസ്തിക സൃഷ്ടിക്കുന്നതിന് പകരം നിലവിലില്ലാത്ത ഒരു തസ്തിക സൃഷ്ടിച്ചതും ആയതിനു ഭരണ വകുപ്പ് തന്നെ ശമ്പള സ്കെയിൽ അനുവദിച്ചു നൽകിയതും ക്രമപ്രകാരമല്ല. ഭരണ വകുപ്പ് ഫയലിൽ സൂചിപ്പിക്കുന്ന ഭരണപരമായ ആവശ്യകതയ്ക്ക് ഡെപ്യൂട്ടി ഡയറക്ടർ തസ്തിക

*മതിയാകും. അതുകൊണ്ട് വകുപ്പിൽ നിലവിലില്ലാത്ത ജോയിന്റ് ഡയറക്ടർ തസ്തിക സൃഷ്ടിച്ച നടപടി പുനപരിശോധിച്ച് ആയത് ഡെപ്യൂട്ടി ഡയറക്ടർ എന്നാക്കി പുനർനിർണ്ണയിച്ച ശേഷം പ്രസ്തുത തസ്തിക 6 മാസത്തേയ്ക്ക് കൂടി അനുവദിക്കാവുന്നതാണ് ".*

7) As the term of temporarily created section and posts in I&PRD ended on 25.11.2018, that department has forwarded the proposal for the extension of temporary created section for an another period of six months. If the term will extend for 6 months the term will ends on 25.05.2019. Since the work relating to the pension and other related work in r/o journalist / non journalist has continuous nature as reported by the I&PRD, the term of temporarily created section and other related posts has to be existed permanently. As it is a fag end, it seen suitable that the term of the above section and it's related posts may be extended for a further period of Nine (9) months by overruling the advice of Finance Department. When the file was circulated to Hon'ble Chief Minister for orders on extending the term of above section and related posts for further period of six months, it was already ordered to place the matter before the Council of Ministers.

## Points for decision

1) Whether the term of temporarily created section and related posts in I&PRD vide the GO(P) No.5/2018/GAD dated 26.05.2018, may be extended for an another period of Nine months instead of six months w.e.f. 26.11.2018, as the term will ends on 25.05.2019 if granted six months only by overrulling the advice of Finance Department; on condition that further extension will not be allowed?

2) Whether as opined by Finance Department the temporarily created post of Joint Director in charge of newly created section may be redesignated to that of Deputy Director in Information and Public Relations Department?

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | സ്പെഷ്യൽ.ഇ 1/137/2018 /പൊ.ഭ.വ |
| 2 | വകുപ്പ് | : | പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് |
| 3 | വിഷയം | : | വിവര പൊതുജന സമ്പർക്ക വകുപ്പിൽ താൽക്കാലികമായി സൃഷ്ടിച്ച പുതിയ സെക്ഷന്റേയും അനുബന്ധ തസ്തികകളുടേയും കാലാവധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 11.10.2018 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്.<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്.<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. സി.അജയൻ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 25.05.2019 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ടോം ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29.05.2019 |
| 12 | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 03.06.2019 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 15.06.2019 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വിവരപൊതുജന സമ്പർക്ക വകുപ്പിൽ താല്ക്കാലികമായി സൃഷ്ടിക്കപ്പെട്ട സെക്ഷന്റേയും അനുബന്ധ തസ്തികകളുടേയും കാലാവധി ദീർഘിപ്പിക്കണമെന്ന ശിപാർശയാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2) വിവരപൊതുജനസമ്പർക്ക വകുപ്പിൽ പത്രപ്രവർത്തക പെൻഷനും ഇതര പെൻഷനും മാധ്യമങ്ങളുമായി ബന്ധപ്പെട്ട അനുബന്ധ ജോലികളും ഉൾപ്പെടെ നിലവിലുള്ള കുടിശ്ശിക ജോലികൾ തീർപ്പാക്കുന്നതിനായി 6 മാസത്തേയ്ക്ക് താൽക്കാലികമായി ഒരു പുതിയ സെക്ഷനും അനുബന്ധ തസ്തികകളും സൃഷ്ടിച്ചുകൊണ്ട് 26.05.2018 തീയതിയിലെ സ.ഉ (അച്ചടി) നം.5/2018/പൊ.ഭ.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവ് പ്രകാരം ഒരു ജോയിന്റ് ഡയറക്ടർ തസ്തിക സൃഷ്ടിച്ച് അതിനു കീഴിൽ ഒരു സെക്ഷൻ ഓഫീസർ, രണ്ട് അസിസ്റ്റന്റ്, ഒരു കംപ്യൂട്ടർ അസിസ്റ്റന്റ്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ ഉൾപ്പെടുന്ന ഒരു പുതിയ സെക്ഷനും വിവരപൊതുജന സമ്പർക്ക വകുപ്പിൽ സൃഷ്ടിച്ചിരുന്നു. ഭരണപരമായ കാലതാമസത്തെത്തുടർന്ന് 27.07.2018 തീയതിയിലെ സ.ഉ (സാധാ) നം.4904/2018/പൊ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം മാത്രമാണ് ജോയിന്റ് ഡയറക്ടറുടെ താൽക്കാലിക തസ്തികയിലേക്ക് നിയമനം നടത്തിയിരുന്നത്.

3) എന്നാൽ, പുതിയതായി രൂപീകരിക്കപ്പെട്ട ഐ&പി.ആർ (എച്ച്) വകുപ്പിൽ പെൻഷൻ സംബന്ധമായ ജോലികളുടെ പ്രാരംഭഘട്ടം മാത്രമേ നിലവിൽ പൂർത്തിയായിട്ടുള്ളൂവെന്നും പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിനുള്ള 2014 മുതലുള്ള അപേക്ഷകൾ പരിഗണിച്ച് പെൻഷൻ അംഗത്വം നൽകൽ തുടങ്ങിയ ജോലികൾ കൂടി പൂർത്തീകരിക്കാനുള്ളതിനാൽ പ്രസ്തുത സെക്ഷന്റെ പ്രവർത്തനം 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവരപൊതുജനസമ്പർക്ക വകുപ്പ് ശിപാർശ സമർപ്പിച്ചിരുന്നു. പ്രസ്തുത ശിപാർശയിൻമേൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം

ചെയ്തപ്പോൾ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവിട്ടു.

4) മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി ചുവടെ പറയും പ്രകാരം ഉത്തരവിടുകയുണ്ടായി.

" പത്രപ്രവർത്തക/പത്രപ്രവർത്തേകതര പെൻഷൻ സംബന്ധമായ ജോലികൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായാണ് ജോയിന്റ് ഡയറക്ടർ, സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ്, കംപ്യൂട്ടർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ വിഭാഗങ്ങളിലായി 6 തസ്തികകൾ വിവരപൊതുജനസമ്പർക്ക വകുപ്പിൽ സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട് അനുമതി നൽകിയിരുന്നത്. പ്രസ്തുത തസ്തികകൾക്ക് 6 മാസത്തേയ്ക്ക് കൂടി തുടർച്ചാനുമതി നൽകുന്ന കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല.

ആയതിനാൽ പത്രപ്രവർത്തക/പത്രപ്രവർത്തേകതര വിഭാഗങ്ങളിലായി തീർപ്പുകൽപ്പിക്കുന്നതിന് നിലവിലുള്ള അപേക്ഷകളുടെ എണ്ണം, പുതിയ സെക്ഷൻ 6 മാസം കൊണ്ട് തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം, തസ്തികകളുടെ തുടർച്ചാനുമതി 6 മാസം നീട്ടി നൽകിയതിലൂടെ അപേക്ഷകൾ പൂർണ്ണമായും തീർപ്പാക്കാൻ കഴിയുമെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്നീ വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയിട്ടില്ലാത്തതിനാൽ 02.08.2018 ലെ 527/എസ്.സി1/2018/പൊ.ഭ.വ (എസ്.സി) നമ്പർ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ കൂടി പാലിച്ചുകൊണ്ട് കുറിപ്പുകൾ സമർപ്പിക്കേണ്ടതാണ്."

5) ചീഫ് സെക്രട്ടറിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവരപൊതുജന സമ്പർക്ക വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം ചുവടെ ചേർക്കുന്നു.

- പുതിയ സെക്ഷൻ രൂപീകരിക്കുന്ന സമയത്ത് തീർപ്പുകൽപ്പിക്കുന്നതിനായി

പത്രപ്രവർത്തക വിഭാഗത്തിൽ 700-ഓളം അപേക്ഷകളും പത്രപ്രവർത്തകേതര വിഭാഗത്തിൽ 1200-ഓളം അപേക്ഷകളും ഉണ്ടായിരുന്നു.

- പുതിയ സെക്ഷൻ 6 മാസം കൊണ്ട് പത്രപ്രവർത്തക വിഭാഗത്തിൽ 100-ഓളം അപേക്ഷകളും പത്രപ്രവർത്തകേതര വിഭാഗത്തിൽ 350- ഓളം അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്.
- ഇനിയും തീർപ്പാക്കാൻ പത്രപ്രവർത്തക വിഭാഗത്തിൽ 600-ഓളം അപേക്ഷകളും പത്രപ്രവർത്തകേതര വിഭാഗത്തിൽ 800-ഓളം അപേക്ഷകളും ഉണ്ട്.
- പെൻഷൻ അനുവദിച്ച നൂറോളം അപേക്ഷകൾ പെൻഷൻ കമ്മിറ്റിയിൽ വച്ച് സാധൂകരിച്ചാൽ മാത്രമേ തീർപ്പാക്കാൻ കഴിയുകയുള്ളൂ.
- പെൻഷൻ സംബന്ധിച്ച അപേക്ഷകൾ എത്ര എണ്ണം ലഭിക്കുമെന്ന് മുൻകൂട്ടി പറയാൻ പറ്റാത്ത സാഹചര്യത്തിൽ, അടുത്ത 6 മാസം കൊണ്ട് അപേക്ഷകൾ പൂർണ്ണമായും തീർപ്പാക്കാൻ കഴിയുമെന്ന് പറയാൻ സാധിക്കുകയില്ല.

6) വിവരപൊതുജനസമ്പർക്ക വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി കൈമാറിയപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

" *ഭരണ വകുപ്പിനെ ചുവടെ ചേർക്കുന്ന പ്രകാരം അറിയിക്കുന്നു :-*

*സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത് എന്നും അതുകൊണ്ടാണ് I&PR വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കണം എന്ന ശുപാർശക്ക് ധനവകുപ്പ് ഉപാധി വച്ചത് എന്നും ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നു കൊണ്ട് മന്ത്രിസഭാതീരുമാന പ്രകാരമാണ് തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത് എന്നതിനാൽ പ്രസ്തുത തസ്തികകളുടെ തുടർച്ച ആവശ്യമുണ്ടെന്ന് ഭരണ വകുപ്പ് വിലയിരുത്തുന്ന പക്ഷം ജോയിന്റ് ഡയറക്ടർ*

ഒഴിവെടുള്ള തസ്തികകൾ മേലിൽ ദീർഘിപ്പിച്ച നൽകില്ല എന്ന ഉപാധിയോടെ 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച നൽകാവുന്നതാണ് എന്ന് അറിയിക്കുന്നു . ജോയിന്റ് ഡയറക്ടർ തസ്തികകളുടെ കാര്യത്തിൽ താഴെ പറയുന്ന വിവരങ്ങൾ കൂടി ഭരണ വകുപ്പിനെ അറിയിക്കുന്നു .

ശമ്പള പരിഷ്കരണ ഉത്തരവിൽ വിവര പൊതുജന സമ്പർക്ക വകുപ്പിൽ ജോയിന്റ് ഡയറക്ടർ എന്നൊരു തസ്തിക നിലവിലില്ല. ഡെപ്യൂട്ടി ഡയറക്ടർ കഴിഞ്ഞാൽ പിന്നെ അഡീഷണൽ ഡയറക്ടർ തസ്തികയാണ് വകുപ്പിൽ നിലവിലുള്ളത്. ഇടത്തട്ടിൽ പുതുതായി ഒരു തട്ട് സൃഷ്ടിക്കുന്നത് പുതുതായി ഒരു പ്രൊമോഷൻ തസ്തിക കൂടി വകുപ്പിൽ സൃഷ്ടിക്കപ്പെടുകയും ആയത് ഈ കേസിലുള്ള തസ്തിക സൃഷ്ടിക്കലിനു ഉപരിയായി തിട്ടപ്പെടുത്താൻ കഴിയാത്ത ആവർത്തന സാമ്പത്തിക ബാദ്ധ്യതയ്ക്ക് വഴി വയ്ക്കുകയും ചെയ്യും. വകുപ്പിൽ സൂപ്പർവൈസറി തസ്തികകളായ ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡയറക്ടർ തസ്തികകൾ നിലവിലുള്ളപ്പോൾ ഇവയിൽ ഏതെങ്കിലും ഒരു തസ്തിക സൃഷ്ടിക്കുന്നതിന് പകരം നിലവിലില്ലാത്ത ഒരു തസ്തിക സൃഷ്ടിച്ചതും ആയതിനു ഭരണ വകുപ്പ് തന്നെ ശമ്പള സ്കെയിൽ അനുവദിച്ച നൽകിയതും ക്രമപ്രകാരമല്ല. ഭരണ വകുപ്പ് ഫയലിൽ സൂചിപ്പിക്കുന്ന ഭരണപരമായ ആവശ്യകതയ്ക്ക് ഡെപ്യൂട്ടി ഡയറക്ടർ തസ്തിക മതിയാകും. അതുകൊണ്ട് വകുപ്പിൽ നിലവിലില്ലാത്ത ജോയിന്റ് ഡയറക്ടർ തസ്തിക സൃഷ്ടിച്ച നടപടി പുനപരിശോധിച്ച് ആയത് ഡെപ്യൂട്ടി ഡയറക്ടർ എന്നാക്കി പുനർനിർണ്ണയിച്ച ശേഷം പ്രസ്തുത തസ്തിക 6 മാസത്തേയ്ക്ക് കൂടി അനുവദിക്കാവുന്നതാണ് ".

7) വിവര പൊതുജന സമ്പർക്ക വകുപ്പിൽ പുതിയതായി അനുവദിച്ച സെക്ഷന്റെയും അനുബന്ധ തസ്തികകളുടേയും കാലാവധി 25.11.2018 ൽ അവസാനിച്ചതിനെതുടർന്ന് മറ്റൊരു ആറുമാസത്തേയ്ക്ക് കൂടി പ്രസ്തുത സെക്ഷന്റെ കാലാവധി ദീർഘിപ്പിച്ച നൽകുന്നതിനാണ് വിവരപൊതുജന സമ്പർക്ക വകുപ്പ് ശിപാർശ സമർപ്പിച്ചിരുന്നത്. അപ്രകാരം ആറുമാസത്തേയ്ക്ക് ദീർഘിപ്പിച്ച്

നൽകുകയാണെങ്കിൽ സെക്ഷന്റെ കാലാവധി 25.05.2019 വരെ മാത്രമേ ദീർഘിപ്പിക്കാൻ കഴിയുകയുള്ളൂ. എന്നാൽ പത്രപ്രവർത്തക/ പത്രപ്രവർത്തകേതര പെൻഷൻ സംബന്ധമായ ജോലികൾക്ക് തുടർ സ്വഭാവമുള്ളതാണെന്ന് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാൽ 26.05.2018 തീയതിയിലെ സ.ഉ(അച്ചടി)നം.5/2018/പൊഭവ പ്രകാരം ആറുമാസത്തേയ്ക്ക് താൽക്കാലികമായി സൃഷ്ടിക്കപ്പെട്ട പ്രസ്തുത സെക്ഷനും അനുബന്ധ തസ്തികകളും സ്ഥിരമായി നിലനിർത്തേണ്ടതുണ്ടെന്ന് കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട് 9 മാസത്തേയ്ക്ക് കൂടി സെക്ഷന്റെ കാലാവധി നീട്ടി നൽകുന്നതാണ് അഭികാമ്യം. സെക്ഷന്റെ പ്രവർത്തനം 6 മാസത്തേയ്ക്ക് കൂടി നീട്ടി നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടിരുന്നതുമാണ്.

## തീരുമാനിക്കേണ്ട വിഷയം

1) 26.05.2018 തീയതിയിലെ സ.ഉ (അച്ചടി) നം.5/2018/പൊ.ഭ.വ പ്രകാരം വിവരപൊതുജന സമ്പർക്ക വകുപ്പിൽ താൽക്കാലികമായി സൃഷ്ടിക്കപ്പെട്ട സെക്ഷന്റേയും അനുബന്ധ തസ്തികകളുടേയും പ്രവർത്തനം ആറ് മാസത്തേയ്ക്ക് കൂടി മാത്രം ദീർഘിപ്പിച്ചു നൽകിയാൽ 25.05.2019 ന് അവസാനിപ്പിക്കേണ്ട സാഹചര്യം ഉണ്ടാകുമെന്നതിനാൽ, മേലിൽ ദീർഘിപ്പിച്ചു നൽകുന്നതല്ല എന്ന ഉപാധിയോടെ ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട് 26.11.2018 തീയതി മുതൽ ഒമ്പത് (9) മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകാമോ?

2) വിവരപൊതുജനസമ്പർക്ക വകുപ്പിൽ ആറ് മാസത്തേയ്ക്ക് താല്ക്കാലികമായി സൃഷ്ടിക്കപ്പെട്ട സെക്ഷന്റെ ചുമതലയുള്ള താൽക്കാലികമായി സൃഷ്ടിച്ച ജോയിന്റ് ഡയറക്ടർ തസ്തിക, ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടപ്രകാരം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയായി പുനർ നിർണ്ണയിക്കാമോ?